# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28-12-2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് കർണാടകയിലെ കാർവാറിലെത്തും. നാവിക താവളം, ഐഎൻഎസ് കദംബ രാഷ്ട്രപതി സന്ദർശിക്കും.

   **President Droupadi Murmu will arrive in Karwar, Karnataka today. President to visit INS Kadamba Naval base.**

2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് എത്തും.

   **Vice President C. P. Radhakrishnan will arrive in Thiruvananthapuram tomorrow for a two-day visit.**

3. പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഇന്ന്.

   **Prime Minister Narendra Modi will share his thoughts with the people of the country and abroad in the Mann Ki Baat programme on Akashvani today.**

4. വിക്സിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ പദ്ധതിയിലൂടെ തൊഴിലാളികളുടെ അവകാശങ്ങളെ സർക്കാർ കൂടുതൽ ശക്തിപെടുത്തിയതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Through the Viksit Bharat G RAM G scheme, the government has further strengthened workers' rights; says Union Minister Shivraj Singh Chouhan.**

5. 84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും.

**Chief Minister Pinarayi Vijayan will inaugurate the 84th Indian History Congress in Kannur today.**

6. ശ്രീലങ്കക്കെതിരായ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് തിരുവനന്തപുരത്ത്.

**The fourth match of the Women's T20 cricket series against Sri Lanka will be held in Thiruvananthapuram today.**

&&&&&&&&&&&&&&&

## PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് കർണാടക സന്ദർശിക്കും. കാർവാർ തുറമുഖത്തെ നാവിക താവളം, ഐഎൻഎസ് കദംബ രാഷ്ട്രപതി സന്ദർശിക്കും.തുടർന്ന് അന്തർവാഹിനിയിൽ രാഷ്ട്രപതി കടൽ യാത്ര നടത്തും. മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാമിന് ശേഷം അന്തർവാഹിനിയിൽ യാത്ര ചെയ്യുന്ന രണ്ടാമത്തെ രാഷ്ട്രപതിയാണ് ശ്രീമതി മുർമ്മു. നാളെ ജാർഖണ്ഡിലെ ജംഷഡ്പൂരിൽ ഓൾ ചിക്കി ലിപിയുടെ ശതാബ്ദി ആഘോഷങ്ങളിലും എൻ.ഐ.ടി ജംഷഡ്പൂരിന്റെ 15-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി സംബന്ധിക്കും. ഈ മാസം 30-ന് ഝാർഖണ്ഡിലെ ഗുംലയിൽ നടക്കുന്ന അന്തർസംസ്ഥാന ജനസംസ്കാരിക സമാഗമ സമാരോഹ് കാർത്തിക് ജാത്രയിൽ രാഷ്ട്രപതി സംസാരിക്കും.

&&&&&&&&&&&&&&&

## VP KERALA VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് എത്തും. വൈകിട്ട് പാളയം എൽ. എം. എസിൽ നടക്കുന്ന ട്രിവാൻഡ്രം ഫെസ്റ്റിൽ സംഘടിപ്പിച്ചിട്ടുള്ള സ്നേഹസംഗമം പരിപാടിയിൽ ഉപരാഷ്ട്രപതി

സംബന്ധിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്നേഹസന്ദേശം നൽകും. മറ്റന്നാൾ വർക്കല ശിവഗിരിയിലും തുടർന്ന് നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജിൻറെ പ്ലാറ്റിനം ജൂബിലി സമാപന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഇന്ന് രാവിലെ 11-ന്. പരിപാടിയുടെ 129-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാണ്. തുടർന്ന് പ്രാദേശിക ഭാഷകളിലും പരിപാടി കേൾക്കാം.

&&&&&&&&&&&&&&&

## MORN. PM-CHIEF SECRETARIES

ന്യൂഡൽഹിയിൽ നടക്കുന്ന സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും അധ്യക്ഷത വഹിക്കും. ഇന്നലെയും പ്രധാനമന്ത്രി സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ഭരണവും പരിഷ്ക്കാരങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തിയതായി ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ദേശീയ വികസന മുൻഗണനകളെക്കുറിച്ചുള്ള സുസ്ഥിരമായ ചർച്ചകളിലൂടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് മൂന്ന് ദിവസത്തെ സമ്മേളനത്തിന്റെ ലക്ഷ്യം.

&&&&&&&&&&&&&&&

## VB-GRAMG- SHIVRAJ SINGH CHAUHAN- (INTRO)

വികസിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ പദ്ധതിയിൽ സ്ത്രീകളുടെയും സ്വയംസഹായ സംഘങ്ങളുടെയും ഗ്രാമീണ സമൂഹത്തിന്റെയും പങ്കാളിത്തത്തിന് മുൻഗണന നല്കുന്നതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പദ്ധതിക്കായി ഒരു ലക്ഷത്തി അൻപത്തിഒരായിരം കോടി രൂപയോളം വകയിരുത്തിയതായും ഇതോടെ തൊഴിലാളിയ്ക്ക് സ്വന്തം ഗ്രാമത്തിൽ കൃത്യസമയത്ത് ജോലി ലഭ്യമാക്കുന്നതായി കേന്ദ്രമന്ത്രി പറഞ്ഞു. തൊഴിലാളികളുടെ അവകാശങ്ങളെ സർക്കാർ കൂടുതൽ ശക്തിപെടുത്തിയതായും അദ്ദേഹം പറഞ്ഞു.

(വോയിസ്....)

പദ്ധതിയെക്കുറിച്ച് പ്രതിപക്ഷം തെറ്റിദ്ധാരണകൾ സൃഷ്ടിക്കുന്നതായും കേന്ദ്രമന്ത്രി കുറ്റപ്പെടുത്തി. നിശ്ചിത സമയത്തിനകം ജോലി നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകാനും ജോലി നൽകിയ ശേഷം വേതനം വൈകിയാൽ അധിക തുക നൽകാനും കൃത്യമായ വ്യവസ്ഥകളുണ്ടെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

**JITENDRA- PRC WORKSHOP**

കേന്ദ്ര സർക്കാർ ജീവനക്കാർക്കും ബാങ്ക് ഉദ്യോഗസ്ഥർക്കുമായുള്ള 58-ാമത് പ്രീ-റിട്ടയർമെന്റ് കൗൺസിലിംഗ് വർക്ക്ഷോപ്പ് നാളെ പുണെയിൽ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്യും. വിരമിക്കുന്ന ജീവനക്കാരുടെ പ്രയോജനത്തിനായി നടത്തുന്ന ഈ ശില്പശാല, പെൻഷൻകാരുടെ ജീവിതം സുഗമമാക്കുന്നതിൽ വിപ്ലവകരമായ ചുവടുവയ്പ്പാണ്.

&&&&&&&&&&&&&&&

**MORN. SONOWAL - SHIPBUILDING**

ഇന്ത്യയുടെ ആഭ്യന്തര കപ്പൽനിർമ്മാണ ശേഷിയും, ആഗോള മത്സരശേഷിയും മെച്ചപ്പെടുത്തുന്നതിനായി 44,700 കോടി രൂപയുടെ രണ്ട് കപ്പൽനിർമ്മാണ സംരംഭങ്ങൾക്കുള്ള പ്രവർത്തന മാർഗ്ഗനിർദ്ദേശം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തു. കപ്പൽനിർമ്മാണ സാമ്പത്തിക സഹായ പദ്ധതിയും, വികസന പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു. 24,736 കോടി രൂപ മൊത്തം മൂലധനമുള്ള സഹായപദ്ധതി പ്രകാരം, 15 ശതമാനം മുതൽ 25 ശതമാനം വരെ സാമ്പത്തിക സഹായം സർക്കാർ നൽകും. പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ആഭ്യന്തര കപ്പൽനിർമ്മാണത്തെ പുനരുജ്ജീവിപ്പിച്ച് വൻ നിക്ഷേപം സാധ്യമാക്കുമെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു.

&&&&&&&&&&&&&&&

## INDIAN ARMY

ജമ്മു കശ്മീരിലെ കിഷ്ത്വാർ, ദോഡ ജില്ലകളിൽ പാകിസ്ഥാനി ഭീകരരെ തുരത്തുന്നതിനായി ഇന്ത്യൻ സൈന്യം ശൈത്യകാല ഓപറേഷൻ ശക്തമാക്കി. രഹസ്യാന്വേഷണ ഏജൻസികൾ നൽകുന്ന വിവരങ്ങൾ പ്രകാരം 30 മുതൽ 35 വരെ ഭീകരർ ജമ്മു മേഖലയിൽ ഒളിച്ചിരിക്കുന്നുണ്ടെന്ന് പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. സൈനിക യൂണിറ്റുകൾ ഉയർന്ന മേഖലകളിലേക്കും മഞ്ഞുമൂടിയ പ്രദേശങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## CBI-SC-UNNAO CASE

ഉന്നാവോ കേസിൽ ഡൽഹി ഹൈകോടതിയുടെ ഉത്തരവിനെതിരെ സിബിഐ സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജി ചീഫ് ജസ്റ്റിസ് അടങ്ങിയ മൂന്നംഗ ബെഞ്ച് നാളെ പരിഗണിക്കും. ഡൽഹി ഹൈക്കോടതി ഉത്തർ പ്രദേശ് എംഎൽഎ യുടെ ജീവപര്യന്തം ശിക്ഷ തടയുകയും ഉപാധികളോടെ ജാമ്യം നൽകുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&

**IMD**

പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ് എന്നിവിടങ്ങളിൽ മറ്റന്നാൾ വരെ ശക്തമായ മൂടൽമഞ്ഞിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉത്തർപ്രദേശിലും സമാന കാലാവസ്ഥ അനുഭവപ്പെടും. അതേസമയം ഡൽഹിയിൽ വായു ഗുണനിലവാര സൂചിക മോശം വിഭാഗത്തിൽ തുടരുകയാണ്. ഇന്നലെ സൂചിക 390 രേഖപ്പെടുത്തി.

&&&&&&&&&&&&&&&

**US FLIGHTS DELAY**

അമേരിക്കയിൽ ശക്തമായ ശീതക്കാറ്റ് വിമാന സർവീസിനെ പ്രതികൂലമായി ബാധിച്ചു. ആയിരക്കണക്കിന് വിമാന സർവീസുകൾ റദ്ദാക്കുകയും ചിലത് വൈകുകും ചെയ്യു. കനത്ത മഞ്ഞുവീഴ്ചയുണ്ടാകുമെന്ന മുന്നറിയിപ്പിനെ തുടർന്ന് ന്യൂയോർക്കിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&

**KANNUR- INTRO**

എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് ഇന്ന് തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ തുടക്കമാകും. ദക്ഷിണേഷ്യയിലെ ചരിത്രകാരൻമാരുടെയും ഗവേഷകരുടെയും ഏറ്റവും വലിയ പ്രൊഫഷണൽ അക്കാദമിക സംഘടനയാണ് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ......**

(വോയിസ്)

&&&&&&&&&&&&&&&

## YEAR ENDER- SPORTS

രാജ്യത്തിന്റെ കായികരംഗത്തെ മെച്ചപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ച വർഷമായിരുന്നു 2025. ജൂലായിൽ അവതരിപ്പിച്ച ദേശീയ കായിക നയം 2025 രാജ്യത്തിനെ ആഗോള കായിക ശക്തികേന്ദ്രമാക്കി മാറ്റുന്നതിനുള്ള രൂപരേഖ മുന്നോട്ടുവെയ്ക്കുന്നു. ഖേലോ ഇന്ത്യയുടെ വിജയത്തെ അടിസ്ഥാനമാക്കി, കായിക രംഗത്ത് തൊഴിൽ അവസരങ്ങൾ വർധിപ്പിക്കാൻ ഖേലോ ഭാരത് നീതി 2025 ലൂടെ വിഭാവനം ചെയ്യുന്നു.

&&&&&&&&&&&&&&&

## CRICKET

ശ്രീലങ്കക്കെതിരായ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. വൈകുന്നേരം ഏഴിനാണ് മത്സരം. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 3-0 ത്തിന് മുന്നിലാണ്. അഞ്ചാം മത്സരം ചൊവ്വാഴ്ച നടക്കും.

&&&&&&&&&&&&&&&

## INDIAS U-19 WORLD CUP 2026 SQUAD

അണ്ടർ 19 ഏകദിന ക്രിക്കറ്റ് ലോകകപ്പിനുള്ള 15 അംഗ ഇന്ത്യൻ ടീമിനെ ബിസിസിഐ പ്രഖ്യാപിച്ചു. ജനുവരി 15 മുതൽ ഫെബ്രുവരി ആറ് വരെ സിംബാബ്‌വെയിലുംനമീബിയയിലുമായാണ് മത്സരം. ഇന്ത്യൻ സംഘത്തെ ആയുഷ് മാഹ്ത്രെ നയിക്കും. വിഹാൻ മൽഹോത്രയാണ് വൈസ് ക്യാപ്റ്റൻ. 14 വയസുള്ള ബാറ്റിങ് ഇതിഹാസം വൈഭവ് സൂര്യവംശി ടീമിൽ ഇടം നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&

## NATIONAL SHOOTING CHAMPIONSHIP

ഇന്നലെ ഭോപ്പാലിൽ നടന്ന ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 50 മീറ്റർ റൈഫിളിൽ കർണാടകയുടെ തിലോത്തമ സെൻ ചാമ്പ്യനായി. ഇതോടെ പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കാൻ യോഗ്യത നേടിയ ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ ഷൂട്ടറായി തിലോത്തമ സെൻ. കേരളത്തിന്റെ വിദർശ കെ വിനോദ് വെള്ളിയും റയിൽവെയുടെ അയോണിക പോൾ വെങ്കലവും നേടി.

&&&&&&&&&&&&&&&

## SIR

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

&&&&&&&&&&&&&&&
&&&&&&&&&&&
&&&